TM244301V

Reg. No :..............................

Name :..............................

**MASTER'S DEGREE (C.S.S) EXAMINATION, MARCH 2024**

**2022 ADMISSIONS REGULAR**

**SEMESTER IV -MALAYALAM**

**MA4EA20M - CYBER SAMSKARAVUM SAHITHYAVUM**

**Time : 3 Hours** **Maximum Weight : 30**

## Part A

**I. Answer any Eight questions. Each question carries 1 weight** **(8x1=8)**

1. ഇ - സാക്ഷരത എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?
2. ഹൈപ്പർ ലിങ്ക് എന്നാലെന്ത്?
3. 'സൈബോർഗ് 'എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?
4. ഹൈപ്പർ ടെക്സ്റ്റ് എന്നാലെന്തെന്ന് വിശദീകരിക്കുക.
5. ആത്മപ്രകാശനത്തിൻറെ സംവേദന തലങ്ങളായി 'സ്റ്റാറ്റസും' ' സ്റ്റോറീസും' മാറുന്നതെങ്ങനെ?
6. കാംപെയ്നിങ് എന്നാലെന്ത്?
7. 'ഗൂഗിൾ ട്രാൻസ് ലിറ്ററേഷൻ', 'മംഗ്ലീഷ് ട്രാൻസ് ലിറ്ററേഷൻ' ഇവ എന്തെന്ന് വിശദമാക്കുക.
8. വെബ്സൈറ്റ് എന്നാൽ എന്ത്? പ്രധാന മലയാളം വെബ്സൈറ്റുകളെ പരിചയപ്പെടുത്തുക.
9. 'പിന്നീട് ആലോചിച്ചപ്പോൾ അതെല്ലാം ആരോ പ്രോഗ്രാം ചെയ്ത ആകസ്മികതയാണെന്ന് ഹരി സംശയിച്ചു' - വിവക്ഷയെന്ത്?
10. 'നിൽക്ക്, ഒരു കുഴപ്പമുണ്ട്. എന്തെങ്കിലും തീരുമാനമെടുത്താൽ അത് തെറ്റിക്കുന്നതു വരെ എനിക്ക് ഉറക്കം വരില്ല ' - വക്താവാര്?കഥാപാത്രത്തിൻറെ സ്വഭാവം ഇവിടെ വെളിപ്പെടുന്നുണ്ടോ?

## Part B

**II. Answer any Six questions. Each question carries 2 weight** **(6x2=12)**

11. സാമൂഹികമാധ്യമങ്ങളുടെ പരിണാമചരിത്രം വിശദീകരിക്കുക.
12. സൈബർ മാധ്യമങ്ങൾ യുവതലമുറയെ സ്വാധീനിക്കുന്നതെങ്ങനെ?
13. സമകാലീന സമൂഹത്തിൽ നിർമ്മിതബുദ്ധിയുടെ സ്ഥാനം വിലയിരുത്തുക.
14. പുതിയ തലമുറയുടെ ജീവിതവീക്ഷണത്തെ മാധ്യമസംസ്കാരം നിയന്ത്രിക്കുന്നതെങ്ങനെ?
15. മലയാളലിപിയുടെ ചരിത്രം പുതുസാങ്കേതികവിദ്യയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
16. 'അമാവാസിയിലപ്പനെ പുഞ്ചവിളിക്കുന്നതെന്തെന്നാൽ 'എന്ന കവിതയിലെ അനുഷ്ഠാനപരമായ ദൃശ്യങ്ങൾ ക്രോഡീകരിക്കുക.
17. "പുലർന്നപ്പോൾ  
എസ്കേപ്പ് കീയിൽ  
ഒരു തുള്ളി രക്തം  
ഡിലീറ്റിൽ ഒരു റോസാപ്പൂവിതൾ"- പൊരുളെന്ത്? സൈബർ ഇടങ്ങളുടെ ആഖ്യാനം കവിതയിൽ എങ്ങനെയാണ് നിർവ്വഹിച്ചിട്ടുള്ളത് ?

ST TERESA'S COLLEGE LIBRARY ERNAKULAM

18. 'മരിച്ചുപോയവരുടെ തീവണ്ടിയിൽ' എന്ന കവിതയുടെ ഭാവതലമെന്ത്?

## Part C

**III. Answer any Two questions. Each question carries 5 weight** **(2x5=10)**

19. നവസാങ്കേതികവിദ്യയും നവമാധ്യമങ്ങളും കേരളീയ സാമൂഹികസാഹചര്യങ്ങളിൽ ഉണ്ടാക്കിയ പരിവർത്തനങ്ങളെന്തെല്ലാം?

20. വാമൊഴിയിൽ നിന്ന് വരമൊഴിയിലേക്കും തിരമൊഴിയിലേക്കുമുള്ള ഭാഷയുടെ പരിണാമചരിത്രം വിശദീകരിക്കുക.

21. പ്രകടനപരതയുടെ നവലോകം സൃഷ്ടിക്കാൻ ടിക് ടോക്കിനു സാധിക്കുന്നുണ്ടോ? വിമർശനാത്മകമായി വിലയിരുത്തുക.

22. മലയാളഭാഷയിൽ ഇൻറർനെറ്റ് സ്വാധീനം ചെലുത്തിയ നൂതനപ്രവണതകൾ വിവരിക്കുക.

ST. TERESA'S COLLEGE ERNAKULAM LIBRARY